7. സൈനിക ക്ഷേമ വകുപ്പ്

8. സെക്രട്ടേറിയറ്റിലെ അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം

9. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്

10. ടൂറിസം വകുപ്പ് (സെക്രട്ടേറിയറ്റ്)

(സി) വർക്ക്സ്റ്റഡി റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുന്നത് ബന്ധപ്പെട്ട വകുപ്പുകളും ഭരണ വകുപ്പുകളും ആണ്.

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര കമ്മീഷന്റെ ഉത്തരവ്**

**62 (6209)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര കമ്മീഷന്റെ 3-1-2014-ലെ സ.ഉ (പി) നമ്പർ 1/2014/ഉ.ഭ.പ.വ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ബാധകമാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 3-1-2014-ലെ സ.ഉ (പി) നം.1/2014/ഉ.ഭ.പ.വ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ബാധകമാണ്.

**ഭരണ പരിഷ്കാര കമ്മീഷൻ**

**63 (6210)** ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് വേഗം ലഭിക്കുന്നതിനും അഴിമതിരഹിതമാക്കുന്നതിനും ആവശ്യമായ പഠന റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്ക് ഒരു ഭരണപരിഷ്കാര കമ്മീഷനെ നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇങ്ങനെ നിയമിക്കപ്പെടുന്ന കമ്മീഷൻ ആറ് മാസത്തിനകം റിപ്പോർട്ട് നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ മുഖേന സമയ ബന്ധിതമായി സേവനങ്ങൾ ലഭിക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിലേക്കുമായി 2012 നവംബർ 1-ാം തീയതി മുതൽ കേരള സംസ്ഥാന സേവനാവകാശ നിയമം, 2012-ഉം ആയതിന്റെ ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇക്കാര്യം പഠിക്കുന്നതിലേക്ക് പുതുതായി ഒരു ഭരണ പരിഷ്കാര കമ്മീഷനെ നിയമിക്കേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly